(ബി) നിലവിൽ തർക്കങ്ങളും സംഘർഷങ്ങളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ പാതയിലെ ടോൾ പിരിവ് സംബന്ധിച്ച എല്ലാ നിയമങ്ങളും ഉത്തരവുകളും ഇന്ത്യാ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ 2007-ലെ ഇന്ത്യാ ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള ടോൾ നിരക്ക് അടിസ്ഥാനമാക്കി വർഷത്തിൽ 3% വർദ്ധനവും (Non compounding) അതിനോടൊപ്പം 2007-ലെ wholesale price index-ഉം അടിസ്ഥാനമാക്കി ഉണ്ടാകുന്ന വർദ്ധനവും ഉൾപ്പെടുത്തിയാണ് ഓരോ വർഷവും ടോൾ നിരക്ക് നിശ്ചയിക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ റോഡുകളും പാലങ്ങളും

305 (1390) ശ്രീ. കോടിയേക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്, എത്ര പാലങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.;

(ബി) പ്രസ്തുത നിർമാണത്തിനെല്ലാം കൂടി എന്ത് തുകയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്, ഇതിൽ എന്ത് തുക ബജറ്റിൽ നിന്നും പിൻവലിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഓരോന്നിലും പ്രസ്തുത പ്രവൃത്തികൾക്കായി തുക വകയിരുത്തിയിരുന്നോ; വിശദമാക്കാമോ; ഇതിൽ ബജറ്റിൽ നിന്നും പിൻവലിക്കപ്പെട്ട തുകയെത്ര;

(ഡി) ഇതിൽ പണി ആരംഭിക്കാത്ത പാലങ്ങളോ റോഡുകളോ ഉണ്ടോ: വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ 36 റോഡുകളും 18 പാലങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത റോഡുകളുടെയും പാലങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1353/2017

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിർമ്മാണത്തിനെല്ലാം കൂടി 125 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഇതിൽ 6.78 കോടി രൂപ ലഭ്യമാവിൽ നിന്നും പിൻവലിച്ചു.

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഓരോന്നിലും പ്രസ്തുത പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയും ഇതിൽ ലഭ്യമാവിൽ നിന്നും പിൻവലിക്കപ്പെട്ട തുകയും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

റിംഗ് റോഡുകളുടെ നിർമ്മാണം

306 (1391) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നാമത്തെ ബഡ്ജറ്റിൽ (2011-12) പ്രത്യേക പരിഗണന നൽകി സംസ്ഥാനത്ത് റിംഗ് റോഡുകൾ എവിടെയെല്ലാം നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എവിടെയെല്ലാം റിംഗ് റോഡുകൾ നിർമ്മിക്കപ്പെട്ടു എന്ന് അറിയിക്കുമോ;

(സി) ഇതിനായി ആദ്യ ബജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു; പ്രസ്തുത തുക ലഭ്യമാവിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) തുടർന്നുള്ള നാല് ബജറ്റുകളിൽ റിംഗ് റോഡുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര തുക വീതം വകയിരുത്തിയിരുന്നു;

(ഇ) റിംഗ് റോഡുകളുടെ നിർമ്മാണത്തിനായി ലഭ്യമാവിൽ നിന്നും ഇതിനകം പിൻവലിച്ച ആകെ തുക എത്ര?

ഉത്തരം

(എ) ഈ സർക്കാരിന്റെ ഒന്നാമത്തെ ബജറ്റിൽ (2011-12) സംസ്ഥാനത്ത് വർക്കല, കോട്ടയം, പാല, മഞ്ചേരി, മലപ്പുറം ജില്ലയിലെ മാറ്റം എന്നീ സ്ഥലങ്ങളിൽ റിംഗ് റോഡുകൾ നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്.

(ബി-ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly